# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

## വിജ്ഞാപനം

നമ്പർ: 178/2015/സം.തി.ക തീയതി, തിരുവനന്തപുരം, 2015 നവംബർ 07

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 07.10.2015-ലെ 153/2015/സം.തി.ക വിജ്ഞാപന പ്രകാരം, 2015 നവംബർ 2-ാം തീയതി വോട്ടെടുപ്പ് നടന്ന കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയിലെ 35. കോതാർതോട് വാർഡിലെ തെരെഞ്ഞിയാത്തുൽ ഉലൂം മദ്രസ്സ, കരുവൻതുരുത്തി-ഇടതുഭാഗം എന്ന പോളിംഗ് സ്റ്റേഷനിലെ വോട്ടിംഗ് യന്ത്രം വോട്ടെടുപ്പിന്റെ ഫലം തിട്ടപ്പെടുത്താൻ കഴിയാത്ത വിധം തകരാറായതിനാൽ വോട്ടെണ്ണൽ പൂർത്തിയാക്കുവാൻ കഴിയാതെ തടസ്സപ്പെട്ടിട്ടുള്ളതായി ബന്ധപ്പെട്ട വരണാധികാരി റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത പോളിംഗ് സ്റ്റേഷനിൽ 2015 നവംബർ 2-ാം തീയതിയിൽ നടന്ന വോട്ടെടുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 128-ാം വകുപ്പ് 2(എ)-ാം ഉപവകുപ്പ് പ്രകാരം അസാധുവാണെന്നു പ്രഖ്യാപിക്കുകയും പ്രസ്തുത പോളിംഗ് സ്റ്റേഷനിലെ വോട്ടെടുപ്പ് 2015 നവംബർ 09 (തിങ്കൾ) രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണി വരെ ആദ്യ വോട്ടെടുപ്പ് എന്നതുപോലെ നടത്തേണ്ടതാണെന്നും പ്രസ്തുത വാർഡിലെ വോട്ടെണ്ണൽ 2015 നവംബർ 09 ( തിങ്കൾ ) വൈകുന്നേരം 7 മണിക്ക് ഫറോക്ക് മുനിസിപ്പൽ ഓഫീസിൽ വച്ച് നടത്തേണ്ടതാണെന്നും ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

ഒപ്പ്
**കെ. ശശിധരൻ നായർ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33.